little KITEs

# ജ്വലനം

## ഡിജിറ്റൽ മാഗസിൻ



കുഞ്ഞാലി മരക്കാർ ഹയർ സെക്കന്ററി സ്കൂൾ, കോട്ടക്കൽ

# അകത്താളങ്ങളിൽ

ആമുഖം ........................................................................................ 2

പൂമ്പാറ്റക്കുഞ്ഞ് ........................................................................................ 3

ജീവൻറെ ഉൽഭവം കടലിൽ........................................................................ 4

കേരളം ........................................................................................ 5

A stranger........................................................................ 6

MY MOM........................................................................ 7

FRIENDSHIP........................................................................ 8

മഴ നനഞ്ഞനാൾ........................................................................ 9

വെണ്ണക്കൽ കൊട്ടാരം........................................................................ 10

ബാല്യം........................................................................................ 11

മുത്തശ്ശിമാവ് കഥപറയുന്നു........................................................................ 12

സൗഹൃദം........................................................................................ 13

മാറുന്ന കാലം ഓർക്കാത്ത ജനത........................................................................ 14

നേരിടാം ഈ ദുരന്തത്തെ........................................................................ 15

ഗണിതശാസ്ത്രം........................................................................ 16

ആത്മദാഹം........................................................................................ 17

**ആമുഖം**



# ഒരു നിമിഷം

ജീവിതത്തിൽ ഒരടുക്കും ചിട്ടയും ആകാം,

ലക്ഷ്യങ്ങളെ കുറിച്ചുള്ള ബോധ്യമായിരിക്കണം ഓരോ ദിവസവും നിങ്ങളെ നയിക്കുന്നത്.
ഓരോ ദിനവും പുതുതായി എന്തെങ്കിലും നിങ്ങൾക്ക് ചെയ്യാൻ ആവണം

എങ്കിലെ ജീവിതത്തിന് അർത്ഥമുള്ളൂ.

ഇത് ചെവികൊണ്ട് കേൾക്കുക. അല്ലെങ്കിൽ അറിയുക. എന്നത് മാത്രമല്ല

ജീവിതത്തിൽ പകർത്തുക എന്നതിലാണ് നമ്മുടെ ജീവിത വിജയം

ഈ പാതയിലൂടെയാണ് കോട്ടയ്ക്കൽ കുഞ്ഞാലി മരക്കാർ ഹൈസ്കൂളിലെ

വിവര സാങ്കേതിക വിദ്യയിൽ തൽപരരും നിപുണരുമായ (കൈറ്റ്സ്)

വിദ്യാർത്ഥികളുടെ പ്രവർത്തനം.

ലോകം ഹൈടെക് ആകുമ്പോഴും

തനത് സാഹിത്യത്തിൽ ഞങ്ങൾ ഒട്ടും പിന്നിലല്ല.

എന്നവർ തെളിയിക്കുന്ന കാഴ്ചയാണ്

ഈ സാഹിത്യ സമാഹരത്തിലൂടെ കാണാൻ കഴിയുന്നത്.

മുഫീദ

$9^{th}$ b



# പൂമ്പാറ്റക്കുഞ്ഞ്

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു പൂമ്പാറ്റക്കുഞ്ഞായ കുഞ്ഞിപ്പൂമ്പാറ്റ താമസിച്ചിരുന്നു. കുഞ്ഞിപ്പൂമ്പാറ്റയുടെ അമ്മ. അമ്മ പൂമ്പാറ്റയുടെ ഉറ്റ ചങ്ങാതിയാണ് പൊന്മാൻ. ഒരു ദിവസം നമ്മുടെ കുഞ്ഞിപ്പൂമ്പാറ്റ തന്റെ ഗ്രാമത്തിലുള്ള ഒരു പൂവിൽ തേൻ കുടിക്കുകയായിരുന്നു. തേൻ കുടിച്ചിട്ടും കുടിച്ചിട്ടും കുഞ്ഞിപ്പൂമ്പാറ്റയ്ക്ക് മതിയായില്ല. അപ്പോഴേക്കും ആകാശം നന്നായി ഇരുണ്ടു. മഴ ഇപ്പോൾ പെയ്യും. അയ്യൊ... കുഞ്ഞിച്ചിറകു വീശിപ്പറന്ന് ഞാനെങ്ങനെ വീട്ടിലെത്തും എന്ന് പേടിച്ചിരിക്കുകയാണ് കുഞ്ഞിപ്പൂമ്പാറ്റ. ആ സമയത്താണ് അമ്മ പൂമ്പാറ്റയുടെ ചങ്ങാതി പൊന്മാൻ പറന്നു വന്നത്. അപ്പൊഴാണ് കുഞ്ഞിപ്പൂമ്പാറ്റയെ പുറത്തുരുത്തി പൊന്മാൻ പറന്നത്. പൊന്മാൻ തന്നെ രക്ഷിച്ചത് കൊണ്ട് കുഞ്ഞിപ്പൂമ്പാറ്റ മഴ നനയാതെ വീട്ടിലെത്തി. ഇങ്ങനെയുള്ള സമയങ്ങളിൽ എപ്പൊഴും പൊന്മാൻ കൂടെയുണ്ടാകില്ല എന്ന് അവൻ മനസ്സിലാക്കി. ഇനി കരുതലൊടെ ജീവിക്കും എന്ന് കുഞ്ഞിപ്പൂമ്പാറ്റ തീരുമാനിച്ചു.

# ജീവന്റെ ഉത്ഭവം കടലിൽ

ഫർസാന . കെ



ഭൂമിയിൽ ജീവൻ ഉത്ഭവിച്ചത് കടലിലാണെന്നാണ് മിക്ക ശാസ്ത്ര്ജ്ഞരുടെയും നിഗമനം. ഇതിനുള്ള പല ബാധ്യതകളും
പലരും മുന്നോട്ടു വച്ചിട്ടുണ്ട്. മൂന്നര കോടിവർഷങ്ങൾക്ക്മുമ്പ് നമ്മുടെ സൂര്യന് ഇന്നത്തെതിലും 30 ശതമാനം പ്രകാശം കുറവായിരുന്നുവെന്നും അതുകൊണ്ട് അക്കാലത്ത് സമുദ്രങ്ങളുടെ ഉപരിതലം മുന്നൂറ് മീറ്റർ ആഴത്തിൽവരെ തണുത്തുറഞ്ഞു കിടന്നിരിക്കാമെന്നും കരുതപ്പെടുന്നു. അക്കാലത്തും സമുദ്രത്തിന്റെ അടിത്തട്ടുകളിൽ ഉഷ്ണജല സ്രോതസുകളുണ്ടായിരുന്നതു കൊണ്ട് സമുദ്രോപരിതലത്തിനും അടിത്തട്ടിനുമിടയിൽ ജൈവപരമായ രാസപ്രക്രിയകൾക്ക് അനുകൂലമായ താപനിലയുള്ള ഇടങ്ങളുണ്ടായിരുന്നുവെന്നും ഇവിടങ്ങളിലാണ് തന്മാത്ര തലത്തിൽ ജീവൻ രീപം കൊണ്ടതെന്നും ഏറ്റവും പുതിയ നിഗമനമുണ്ട്. സമുദ്രോപരിതലം ദീർഘകാലത്തെക്ക് ഉറഞ്ഞുകിടന്നിരുന്നത് കൊണ്ട് ജൈവവസ്തുക്കൾക്ക് ഹാനികരമായ അൾട്രാവയലറ്റ് വികിരണങ്ങൾ സമുദ്രത്തിനുള്ളിലേക്ക് എത്തിപ്പെടാതിരുന്നത്. ജീവന്റെ വ്യാപനത്തേയും വികസനത്തേയും സഹായിച്ചിരിക്കണം . പിൽകാലത്ത് ഭ്രൂപം കൊണ്ട് അന്തരീക്ഷം സമുദ്രത്തിനും നഷ്ടമായ ഈഹിമകവചത്തിന്റെ സ്ഥാനം ഏറ്റെടുക്കുകയും അതിന്റെ തണലിൽ ജീവൻ നാമിന്നു കാണുന്ന വൈവിധ്യമേറിയ ഭ്രൂപഭാഗങ്ങളിലേക്കു പരിഗണിക്കുകയും ചെയ്തു എന്നാണ് ചില ശാസ്ത്രജ്ഞ ർ പറയുന്നത്

# കേരളം

അൻസില സി ട്ടി
X-C



നാടിന്റെ മേന്മ ഉയർത്തുന്ന കേരളം
നാളീകേരത്തിൻ പൊൻവിളയുന്ന കേരളം
നാടായ നാടൊക്കെ ഒത്തൊരുമിച്ച
നാടിന്റെ  മേന്മ ഉയർത്തുന്ന കേരളം

പ്രളയത്തിൻ ദുരിദമനുഭവിച്ച മനുഷ്യർ
കൈവിടാതെ കൈ കോർത്തു നിൽക്കും കേരളം
നിപ്പാവയറസിൻ കെടുതി വീണ കേരളം
നാടായ നാടൊക്കെകൈകോർത്ത കേരളം

ഓണമെന്നും, പെരുന്നാളെന്നുമെന്നില്ല
ഒത്തൊരു മിച്ചാഘോഷിക്കും കേരളം
ജാതി മത ബേധമില്ലാത്ത കേരളം
ഒന്നായ് നിൽക്കും നമ്മൾ കേരളത്തിൻ പൗരന്മാർ

# A stranger



There I was , in a world of heartly
lonelinated emptiness
and then. My weeping innocence
touched you
you patted me, I rejoiced
after a long,we both fell in to a bond.
A bond with different name
But only with a feeling
suddenly, gods faith reached
unwillingly  we moved a part
by surrendering to life's decision
And soon, that stranger vanished
Who, the witness of my love,
and who. the soul, which embrased
my heart.
again, I fell into the world of
weeping darkness
but the memories were yet remembered!

# MY MOM



My birthday isn't mine
it for my dear mom
she was the shining
star in my life
she is the person
who love me more
in this life
she is proved
by giving purest love
It i gave my soul
To her,
it's not enough
when she touching
my hands
I felt that she was
Touching my heart

# FRIENDSHIP

**AFNA BASHEER**

- 8.A



F - Friendship is the blooming one in this word.

R - Recognise the feeling of heart.

I - It has a meaning in our heart.

E - Everybody like it everybody have it.

N - Now we didn't know the value of it.

D - Darkness isn't allowed in it.

S - Smile is the symbol of it.

H - Having a lone affection.

I - Its the ship of enjoy and love.

P - Proud about think about it.

# മഴ നനഞ്ഞനാൾ

Fathimathul ficlham



മഴത്തുള്ളികൾ  ഇറ്റിറ്റു
വീഴുമ്പോൾ  സ്പർശിക്കുന്നുവെൻ
ശരീരത്തിൽ  സുഗന്ധാനുഭൂതികൾ
ഭൂമിതൻ  ദേഹമാകുമീ മണ്ണിൽ
സുഗന്ധം പരത്തുന്നു നീ
മഴത്തുള്ളികൾ വാനം തൻ
മിഴികളാം മഴത്തുള്ളികൾ തൻ
സ്പർശനമേൽക്കുമ്പോഴെൻ
വല്ലായ്മ്കളെല്ലാം ഇല്ലാതായ് പോവും
അനക്കറ്റു കിടക്കുന്ന കരിയിലകൾ
കുതിർത്തു നീ വെള്ളിത്തുള്ളികൾ
വരികില്ലേ നീ ഇനിയും എൻ
കൺ കുളിർക്കെ കാണാൻ
എൻ മിഴിത്തുള്ളികളായി.

# വെണ്ണക്കൽ കൊട്ടാരം

By Aysha Muna

യമുനാനദിയുടെ തീരത്തുള്ളൊരു

വെണ്ണക്കൽ കൊട്ടാരം......

പ്രിയതമാം മുൻതാസിനായി

പണിതൊരു കൊട്ടാരം......

മുത്തും,മരതകവും,മാണിക്യവും

കൊണ്ട് തീർത്തൊരു കൊട്ടാരം......

ലോകാൽഭുതങ്ങളിൽ ഭാരതസ്ഥാനം

നിലനിർത്തിയ കൊട്ടാരം.....

പണിയാളുകളുടെ വിയർപ്പിൻ തുള്ളികൾ

കാവ്യമായിമാറ്റിയ കൊട്ടാരം......

ഭാരത സംസ്കാരത്തിൽ എന്നും

വജ്രശോഭിതമായൊരു കൊട്ടാരം......

താജ്മഹൽ എന്നൊരു കൊട്ടാരം......

# ബാല്യം

**Muhammed Sahaf V M**

പിന്നെയും പിന്നെയും ഞാനാകിനാവിലേക്ക്

ഒഴുകുന്ന പൊലെ...

അമ്മയുടെ താരാട്ടിൻ

സ്വരമുള്ള ബാല്യം...

മുത്തശിക്കഥകളെ

സ്നേഹിച്ച ബാല്യം...

അമ്മയുടെ മടിത്തട്ടിൻ

ചൂടുള്ള ബാല്യം...

ഏതുമൊരു കൗതുകമായി

തൊന്നുന്ന ബാല്യം...

ഇനിയും ഞാൻ മറക്കില്ല മധുരാം

മാമ്പഴത്തിന്റെ ബാല്യം...



# മുത്തശ്ശിമാവ് കഥപറയുന്നു

**Fasna parvuin**
**8**

ഒരുപാട് കാലം മുമ്പ്, അതാ ആ കാണുന്ന വയലിന്റെ അക്കരെ ഒരു മാവുണ്ടായിരുവന്നു. പടർന്നു പന്തലിച്ച നിന്ന ഒരു തേന്മാവ്. അതായിരുന്നു എന്റെ അമ്മ.

അമ്മ മാവിന്റെ ഒരു ചില്ലയിലായിരുന്നു ഞാൻ ഉണ്ടായിരുന്നത് ഉണ്ണിമാങ്ങയായി. ദിവസങ്ങൾക്ക് ശേഷം മുഴുത്ത മാങ്ങയായിമാറി. അന്നൊക്കെ എന്നെ മഞ്ഞയും ഓറഞ്ചും കലർന്ന് ഉടത്ത ഒരു മാമ്പഴം. ഞാനും എന്റെ കൂട്ടുകാരും കാറ്റിലാടി കളിച്ചിരുന്നകാലം ഞാനും എന്റെ കൂട്ടുകാരും ഒരു കുലയിൽ മുട്ടിയിരുന്ന് തമാശകൾ പറയുമായിരുന്നു.

അപ്പോൾ എന്നെ കാക്ക വന്ന് കൊത്തി. കണ്ണിയിൽ നിന്ന് ഞാൻ വീണു. മാവിന്റെ ചുവട്ടിൽ കളിക്കുന്ന കുട്ടികളുടെ മുമ്പിലായിരുന്നു വീണത്. ഓടിവന്ന് ഒരു കുട്ടി എന്നെ എടുത്തു. എന്റെ മധുരമാറുന്ന ഭാഗങ്ങൾ അവർ വീതിച്ചെടുത്ത് അവർ വയറ്റിലാക്കി. മാങ്ങയുടെ അണ്ടി അവർ ഒരു സ്ഥലത്ത് വെച്ചു. അതിൽ ഒരാൾ പറഞ്ഞ് ഞാൻ അത് വീട്ടിൽ കൊണ്ടുപോവും. അത് വീട്ടിൽ കൊണ്ടുപോയി കഴിച്ചിട്ടു. അപ്പോൾ മഴക്കാലമായിരുവന്നു. മഴവെള്ളത്തിൽ ഞാൻ നനഞ്ഞുകുതിർന്ന് മെല്ലെ മുളച്ചു തുടങ്ങി. അങ്ങനെ കുറേ കഴിഞ്ഞപ്പോൾ ഞാൻ വലുതായി. പിന്നെ ഞാൻ ഒരുപാട് വളർന്നു. കൊമ്പുകളും ചില്ലകളും വളർന്നപ്പോൾ, ചില പക്ഷികളും കൂടുണ്ടാക്കാൻതുടങ്ങി.

അവിടെ അണ്ണാൻ, ചിലന്തി, ഉറുമ്പ് എന്നിങ്ങനെയുള്ളവർക്ക് താമസിക്കാൻ ആ മാവ് ഇടം നൽകി. കുട്ടികൾ എന്റെ തണലിലിരുന്ന്കളിച്ചു. അവിടെ വലിയവർക്കും പ്രായമുള്ളവർക്കും വിശ്രമിക്കാൻ ആ മാവ് സമ്മതം നൽകിയിരുന്നു.

അവർക്ക് വയറ്നിറയുന്നതുവരെ എന്റെ തേൻമാമ്പഴം കൊടുത്തിരുന്നു. പിന്നെ വർഷങ്ങൾക്ക് ശേഷം ഞാൻ മുത്തശ്ശിയായി. എല്ലാവർക്കും ഞാൻ ഇനിയും സഹായങ്ങൾചെയ്തിരിക്കും.തണലും ,മധുരവുംതന്ന് എന്നെ നിങ്ങൾ സംരക്ഷിക്കണം.

# സൗഹൃദം

**Naja fathima.M**
Vlll-D



കളി ചിരി തമാശകളാൽ
കാലമൊഴുകുന്ന സൗഹൃദമേ
നീയൊരു ജീവിതഗുണ്ണപാഠം
അറിവിന്റെ ഉറവിടത്തിലെ
നീരൊഴുക്കാണ്ണീ സൗഹൃദം
ആരൊടും വഴക്കില്ലാ
ശത്രുതയില്ലാത്തൊരാഘോഷം
ദിനാരംഭം.............
നിഷ്കളങ്കമനസിനുള്ളിലെ
വികാരമല്ലയോ സൗഹൃദം
അറ്റങ്ങളില്ലാത്ത
ഘോഷയാത്രയാമൊരു സൗഹൃദം
സൗഹൃദമായവർക്ക് വേണ്ടിയെന്തും
നേരിടാനുളെളാരുക്കമാണീ സൗഹൃദം

# മാറുന്ന കാലം ഓർക്കാത്ത ജനത

**Sana sherin**

ഞാൻ തിരിഞ്ഞു നോക്കുകയാണ് സ്വാതന്ത്ര്യത്തിനുവേണ്ടി രക്തസാക്ഷിയായി ഈ മണ്ണിലേക്ക്. ഭഗത് സിങ്, സുഭാഷ് ചന്ദ്രബോസിനെ പോലെയുള്ള സ്വാതന്ത്രത്തിനുവേണ്ടി തൂക്കു-കയറേറ്റുവാങ്ങിയ ഈ മഹാന്മാർ. മറക്കുകയാണ് പലതും ഈ ജനത. ഇനി വരുന്ന തലമുറയ്ക്ക് ഈ മഹാന്മാരെ ഓർമ്മയുണ്ടാകുമോ? ഗാന്ധിജിയുടെ പേരുപോലും മറന്നേക്കാം. വെള്ളക്കാരെ നാടുക്കടത്താ-നുള്ള ഗാന്ധിജി നടത്തിയ സമരങ്ങൾ ഓർക്കുന്നുണ്ടോ? ചമ്പാരൻ സത്യാഗ്രഹം മുതൽ ക്വിറ്റ് ഇന്ത്യ വരെ. മതത്തിന്റെ വേലി മാറ്റി വർണ്ണവിവേചനങ്ങളെ തടഞ്ഞു നിർത്തി ജാതി പറഞ്ഞു-നടക്കുന്നവരുടെ വായക്കെട്ടി മൂടി കൈപിടിച്ച നേടിയ നമ്മുടെ സ്വാതന്ത്ര്യം. ഗാന്ധിജിയെ മാറ്റിയത് ഒരു പുസ്തകമാണ് ഇതിന്റെ സ്മരണയായി ഗാന്ധിജി ഒരു പുസ്തകമെഴുതുകയും ചെയ്തിട്ടുണ്ട് വായിച്ചുനോക്കാം ചിലപ്പോൾ നമ്മളും മാറിയേക്കാം. പട്ടിണിയിലും, ദാഹത്തിലും ഒരുമിച്ചുനിന്നവരെല്ലാം പങ്കുവെച്ച കാട്ടുനീതികൾക്കെ-തിരെ പോരടിച്ചവർ.'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക''

# നേരിടാം ഈ ദുരന്തത്തെ

അതിഭീകരമായിരുന്ന കേരളം ഈ വർഷം നേരിട്ട പ്രളയം. ഇപ്പോഴും നാം അതിൽ നിന്ന് പൂർണമായും മോചനം നേടിയിട്ടില്ല അപ്രതീക്ഷിതമായിട്ടായിരുന്ന ആ ദുരന്തം എത്തിയത്. നിരവധി പേർ അതിൽപെട്ട് മരണമടഞ്ഞു. അനേകംപേർക്ക് പരിക്ക് പറ്റി. അനേകംപേർക്ക് സർവ്വതും നഷ്ടപെട്ടു. പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും സ്കൂൾ യൂനിഫോമുകളുംവരെ നഷ്ടപ്പെട്ട് വിതുമ്പുന്ന കുട്ടികളെ ഞങ്ങൾ ഞങ്ങൾ കാണുന്നുണ്ട്. അവസാനം ദുരന്തം വഴിമാറി. ഇനി നമുക്ക് എല്ലാം ശരിയാക്കണം. അതിനായി കഠിനമായി പ്രവത്തിക്കാം. ഈ അവസരത്തിൽ ഒരു കാര്യമാണ് ഞങ്ങൾക്ക് അപേക്ഷിക്കുവാനുള്ളത്. നിരാശരാകാതിരിക്കുക. സമചിത്തതയോടെ ദുരന്തത്തെ നേരിടുകയാണ് വേണ്ടത്. ലോകത്ത് എത്രയോ രാജ്യങ്ങളിൽ എത്രയോ ദുരന്തങ്ങൾ അരങ്ങേറിയിട്ടുണ്ട്. കുട്ടികൾ വരെ ധീരരായി ദുരന്തത്തെ നേരിട്ടു. ഹിരോഷിമയിൽ വീണ അണുബോംബ് തുപ്പിയ മാരകരശ്മികൾ ഏറ്റ് രക്താർബുദം പിടിപെട്ട് നരകയാതന അനുബവിച്ച മരിച്ച സഡാക്കോ സസക്കിയുടെ കഥ ഓർക്കുക.


കാശ്മീരിലെ ജനത എല്ലാ വർഷവും വെള്ളപ്പോക്കത്തെ നേരിടുന്നുണ്ട്. ലാത്തൂറിലെ ഭൂകമ്പമുണ്ടാക്കിയ ദുരന്തം മറക്കാനാകുമോ?സമ്പന്നരാജ്യമായ അമേരിക്കയിൽപ്പോലും ചുഴലിക്കാറ്റും പ്രളയവും അനേകായിരങ്ങളെ ദുരിതത്തിലാഴ്ത്തുന്ന വാർത്ത നാം വായിക്കാറുണ്ട്.

കേരളം 1924 ൽ ഒരു മഹാപ്രളയത്തിൽ പെട്ടതാണ്. ഇന്നത്തേക്കാൾ കൂടുതൽ മരണം അന്നുണ്ടായി എന്നാണ് കരുതപ്പെടുന്നത്. ആ പ്രളയക്കെടുതിയെ നേരിട്ട ജനതയെ സഹായിക്കാൻ മഹാത്മ ഗാന്ധി തന്നെ അന്ന് ഒരു ലക്ഷം രൂപ പിരിച്ചെടുത്ത് നൽകി എന്നും ഓർക്കുക.

പ്രളയവും പ്രകൃതിയുടെ ഒരു സാധാരണ പ്രതിഭാസമാണ്.
അത്തരം ദുരന്തങ്ങൾ ഇനിയും ആവർത്തിച്ചേക്കാം. ദുരന്തത്തെ നേരിട്ട ജീവിക്കാനുള്ള ധീരതയും വൈദഗ്ധ്യവും നാം ആർജ്ജിക്കുകയാണ് വേണ്ടത്. ദുരന്തമനുഭവിച്ചവർക്കും ദുരന്തത്തിൽ നിന്ന് നമ്മെ രക്ഷിക്കാനെത്തിയ ധീരൻമാർക്കും നിങ്ഹൾക്കുമെല്ലാമായി പ്രാർഥിക്കുക, ആത്മവിശ്വാസം നേടുക.

# ശാസ്ത്രം

niranjana mohan x-c




ആധുനിക ഫിസിക്സിന്റെ പിതാവ് എന്നറിയപ്പെടുന്ന ആൽബർട്ട് ഐൻസ്റ്റിൻ 1879 മാർച്ച് 14 – ന്

ജർമ്മനിയിൽ ജനിച്ചു. പിതാവ് ഹെർമ്മൻ കച്ചവടക്കാരനും, അമ്മ പൗളിൻ പാട്ടുകാരിയുമായിരു-ന്നു. മ്യൂണിക്കിലെ കാത്തലിക്ക് എലിമെന്ററി സ്കൂളിൽപഠിക്കുമ്പോൾ തന്നെ ഐൻസ്റ്റീൻ ഗണിതശാസ്ത്ര-ത്തിൽ അതിനിപുണനായിരുന്നു.15-ാം വയസിൽ അദ്ദേഹത്തിന്റെ കുടുംബം ഇറ്റലിയിലേക്ക് താമസം മാറ്റി. 1900-ൽ സൂറിച്ച് യൂണിവേഴ്സിറ്റിയിൽ പഠനംപൂർത്തിയാക്കി. 1903-ൽ ശാസ്ത്ര വിദ്യാർത്ഥിനി-

യായിരുന്ന മിലേവമാരേക്കിനെ വിവാഹം കഴിച്ചു.പൊട്ടാസ്യം, ടങ്ങ്സ്റ്റൺ തുടങ്ങിയ ലോഹങ്ങളിൽവെളിച്ചം പതിക്കുമ്പോൾ അവയിൽ നിന്ന് ഇല-

ക്ട്രോണുകൾ നിർഗമിക്കുന്നു എന്ന് ഐൻസ്റ്റീൻ കണ്ടുപിടിച്ചു.ആറ്റം ബോംബിന്റെ കണ്ടുപിടിത്തം ഈ സമവാക്യത്തിന്റെഫലമായിരുന്നു E=mc square. 1955 ഏപ്രിൽ 18-ന് അദ്ദേഹം അന്തരിച്ചു

# ആത്മദാഹം

സരിഗ .എസ്

വിരഹമെന്നത് കേവലമൊരു
അകൽച്ചയല്ല ...
എത്ര നനച്ചാലും വരൾച്ച വിടാത്ത
ഒരാത്മദാഹമാണത് .
ദൂരമോ കാലദേശങ്ങളോ
പരിമിതപ്പെടുത്താത്ത
മാനസയാത്രയുടെ
തുടക്കം കുറിക്കുമത്.
മഞ്ഞിയും നിറം ചാർത്തിയും
ചിത്രലേഖനങ്ങളിലൂടെ
കണ്ണിനെ വിദൂരതയിലേക്ക്
നയിക്കുമത്.
ഭൂഖണ്ഡങ്ങളുടെ വിന്യാസങ്ങളെ
ഒറ്റച്ചാട്ടത്തിൽ കടന്നു വയ്ക്കുന്ന
മനസിന്റെ മാന്ത്രിക കാലുകളെ
സ്നേഹത്തിന്റെ ഏത് ആങ്കിളിൽ നിർത്തിയാലും
വിരഹം കടമെടുത്തിട്ടുണ്ടാവും
ഒരു ലിഫ്റ്റ് ചോദിച്ചു കൊണ്ട് .....

# സമ്മാനം

**സീന കെ.പി**

ഓരോ ചാട്ടത്തിന് മുമ്പും
കൃത്യമായ ധ്യാനത്തിലുൾച്ചേർന്ന്
സാധ്യതകളുടെ പൂമരങ്ങൾ
നട്ടുവളർത്താറുണ്ട്
അളവുകോലിൻറെ
കൃത്യതയെക്കുറിച്ചോർത്ത്
സൂക്ഷ്മ നിരീക്ഷണ
പാടവത്തെയോർത്ത്
അഭിമാനത്തിൻറെ
വേലിയേറ്റമുണ്ടാകാറുണ്ട്
എന്നിട്ടും ചാട്ടം പിഴച്ച്
ഉള്ള നുറുങ്ങിയുള്ള
കിടപ്പ് മാത്രമാണെന്നും സമ്മാനം